
# PHSS PALLIPPURAM

## SCHOOL MAGAZINE

## 2023-2024



# ഇലഞ്ഞി



***Little kites PHSS***

ഇലഞ്ഞി എന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അറിയിക്കുന്നു.ഈ മാഗസിന് ആശംസകൾ അറിയിക്കാനും ഇതിന്റെ ഭാഗമാവാനും സാധിച്ചു എന്നതിൽ അതിയായ സന്തോഷമുണ്ട്.ഇതുപോലെയുള്ള മാതൃക പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്ന് പ്രവർത്തിക്കാൻ കുട്ടികൾക്ക് കഴിയട്ടെ......

കൃഷ്ണൻ മാസ്റ്റർ (മാനേജ്മെന്റ് പ്രതിനിധി )

പരുത്തൂർ ഹൈ സ്ക്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ കുട്ടികൾ ചേർന്ന് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിനിൽ ഭാഗമാകുന്നു എന്നതിൽ അതിയായ സന്തോഷമുണ്ട്. ഇലഞ്ഞി എന്ന സ്ക്കൂൾ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു....

ഗിരീഷ്കുമാർ മാസ്റ്റർ ( HM)

# പരുതൂർ ഹയർ സെക്കന്ററി സ്കൂൾ,
# ഒരു തിരിഞ്ഞുനോട്ടം




ചെമ്പ്രയിലെയും പരിസരത്തെയും കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാലാത്തിനായി നടുവട്ടം ജനത ഹൈസ്കൂൾ , തൃത്താല ഹൈസ്കൂൾ എന്നിവയാണ് ഉണ്ടായിരുന്നത്.രണ്ടും 5 k.m അപ്പുറമാണ് നടുവട്ടത്തേക്ക് എത്തണമെങ്കിൽ വർഷക്കളത്തുള്ള യാത്ര വളരെ ദുഷ്ക്കരമാണ്.അതിപ്പോഴും അങ്ങനെതന്നെ . തൃത്താലയിലേക്കുള്ള യാത്രയും വിഷമമായിരുന്നു. വെള്ളിയങ്കല്ല് റെഗുലേറ്റർ കംബ്രിഡ്ജ് വന്നപ്പോൾ ആശ്വാസമായി,എങ്കിലും യാത്രാസൗകര്യമില്ല.ഹൈസ്ക്കൂളിനുള്ള സ്ഥലം ചിന്താവിഷയമായി അപ്പോഴാണ് നാടപറമ്പിനെ പറ്റിയുള്ള ചിന്ത മനസ്സിലുദിക്കുന്നത്. സ്ഥലം 3 ഏക്കറോളം ഉണ്ടെന്നും അതു മതിയകുമെന്നും മേൽ പറഞ്ഞ വ്യക്തികൾ അഭിപ്രായപ്പെട്ടു . പിന്നീട് ശ്രമം ഊർജ്ജിതമായി. അങ്ങനെ 1975 മെയ് 28ന് സ്ഥലം പരുതൂർ വിദ്യാഭ്യാസ സമിതിക്ക് ദാനം തീറായി രജിസ്റ്റർ ചെയ്തു കൊടുത്തു. വി.സി. അച്യുതൻ നമ്പൂതിരി.പരുതൂർ പഞ്ചായത്ത് പ്രസിഡണ്ടായിരുന്നു എം. കെ അലി , പുളിയപ്പറ്റ ഗോപാലൻ വൈദ്യർ, കുന്നം രവി നമ്പൂതരി, പൊറ്റയിൽ കളരിക്കൽ മീനാക്ഷി ,അത്താണിക്കൽ മമ്മു,വി.സി.രാമൻ എന്നിവരായിരുന്നു വിദ്യാഭ്യാസ സമിതിയിൽ ഉണ്ടായിരുന്നത് . അച്ഛനായിരുന്നു ആദ്യകാലത്തെ കറസ്പോണ്ടൻ്റ്. വിദ്യാഭ്യാസ വകുപ്പിൻ്റെ നിർദേശപ്രകാരം കമ്മിറ്റി അച്ഛനെ മാനേജറായി തിരഞ്ഞെടുത്തു. അന്നു ഞാൻ ഡിഗ്രിക്ക് പഠിക്കുകയായതിനൽ അപൂർവ യോഗങ്ങളിൽ മാത്രമേ പങ്കെടുതിരുന്നുള്ളു.മേൽ പറഞ്ഞ വിദ്യാഭ്യാസ ഉണ്ടായിരുന്ന അംഗങ്ങളിൽ ശ്രീ. പി. കെ. രാമകൃഷ്ണൻ്റെ പത്നിയും ഞാനും മാത്രമാണ് ഇപ്പൊൾ ജീവിച്ചിരിക്കുന്നത് . 1976 ജൂണിലാണ് പരുതൂർ ഹൈസ്കൂൾ ആരംഭിക്കുന്നത് . 8ാം തരം ആദ്യം തുടങ്ങി,ഏകദേശം 200ഓളം കുട്ടികളാണ് ഉണ്ടായിരുന്നത്. ക്രമേണ 9,10 എന്നീ ക്ലാസ്സുകൾ വിദ്യാഭ്യാസ വകുപ്പിൽ നിന്ന് അനുവദിച്ച് കിട്ടി. ഇന്ന് ഈ വിദ്യാലയം അതിൻ്റെ 45ാം വയസ്സ് പൂർത്തിയാക്കുകയാണ്.

Raman Master

# മൾട്ടി ചെയിൻ

കഥ:മൾട്ടി ചെയിൻ ________ ഭാര്യ വീട്ടിലെ പൊറുതി മതിയായി. അമ്മായിച്ഛൻ ഒളിഞ്ഞും തെളിഞ്ഞും ഓരോന്നൊക്കെ പറഞ്ഞു തുടങ്ങി. അവരെ പറഞ്ഞിട്ടു കാര്യമില്ല അവരുടെ വാക്ക് ധിക്കരിച്ചാണ് നീനവിൻ്റെ പണ്ടങ്ങൾ മുഴുവൻ വിറ്റ് ബിസിനസ്സിനിറക്കിയത് .ചങ്കാണെ ന്ന് പറഞ്ഞുനടന്ന ചങ്കിനെ നമ്പി ഇറക്കിയതാണ്. ആദ്യമാസം തന്നെ കൊടുത്തതിൻ്റെ പത്ത് ശതമാനം തിരിച്ചുവന്നപ്പോൾ ഇരിക്കുന്ന വീടും പറമ്പും പണയം വെച്ച് അതും ഇറക്കി. പെട്ടെന്നൊരു ദിവസം ചങ്ങലപോലെ വ്യാപിച്ച ബിസ്സിനെസ്സ് "ഡിം " , ദേ കിടക്കണു താഴെ.കമ്പനിയും ഇല്ല കണ്ണികളും ഇല്ല.ബിസിനസ്സ് മീറ്റിംഗിന് പോകുമ്പോൾ ഞാനിടുന്ന കറുത്ത കോട്ട് അയലിൽ കിടന്ന് എന്നെ നോക്കി കൊഞ്ഞനം കുത്തി.ഒടുക്കം വഴിയാധാരം ആയപ്പോൾ ഭാര്യവീട്ടിൽ അഭയം പ്രാപിച്ചു. "ഒരു വാടക വീട് റെഡിയായിട്ടുണ്ട് " രാത്രി പണിയയെല്ലാം തീർത്തു കിടക്കാൻ വന്ന നീനവിനോട് ഞാൻ പറഞ്ഞു. " എവിടെയാ " " നാട്ടിൽ കുറച്ചു ദൂരെ മാറി,നാളെ തന്നെ പോണം.." "അങ്ങനെ പെട്ടെന്ന് പറഞ്ഞാൽ എങ്ങനാ..സാധനങ്ങളൊക്കെ റെഡിയാക്കണ്ടേ " ഷാളുകൊണ്ട് മുഖം തുടച്ചുകൊണ്ട് അവൾ പറഞ്ഞു. അതൊന്നും വേണ്ട സാധനങ്ങളൊക്കെ അവിടെയുണ്ട്,വസ്ത്രങ്ങൾ മാത്രം എടുത്താൽ മതിയെന്ന് പറഞ്ഞ് ഞാൻ ലൈറ്റ് അണച്ചു . പിറ്റേന്ന് രാവിലെ തന്നെ മോനെയും കൂട്ടി ഞാനും അവളും റയിൽവേ സ്റ്റേഷലിലേക്ക് പോയി. നേത്രാവതി എക്സ്പ്രസിൻ്റെ ജനറൽ കമ്പാർട്ട്മെൻ്റിൽ എങ്ങനെയൊക്കെയോ കയറിക്കൂടി.അത്യാവശ്യം തിരക്കുണ്ട് ഒന്നു രണ്ട് 'സ്റ്റേഷനുകൾ കഴിഞ്ഞപ്പോൾ നീനവിനും മോനും സീറ്റ് കിട്ടി. ഞാൻ അവർക്കരികിൽ നിന്ന് ജനാല കമ്പികൾക്കിടയിലൂടെ പുറത്തേക്ക് നോക്കി നിന്നു. "അച്ഛാ വെള്ളം " ട്രെയിനിലെ കമ്പികളിൽ പിടിച്ച് നിന്നുറങ്ങുന്ന എന്നെ മോൻ വിളിച്ചുണർത്തി. അടുത്ത സ്റ്റേഷനിൽ എത്തിയപ്പോൾ നീനവിൻറെ അടുത്തിരുന്ന കുറെ കോളേജ് കുട്ടികൾ ഇറങ്ങിയതോടെ സീറ്റിന് വേണ്ടിയുള്ള തള്ളും തിരക്കുമാരംഭിച്ചു. "എട ബെന്ന്യേ ഇങ്ങ്ട് വാടാ.. ഇവ്ടെ സീറ്റ്ണ്ട്ന്ന് " മധ്യവയസ്കനായ ഒരാൾ അലറി. അയാൾക്ക് പിറകെ മൂന്നുനാല് പേര് തിക്കി തിരക്കി ഞങ്ങൾക്കരികിലും മുൻപിലുള്ള സീറ്റിലുമിരുന്നു. മധ്യ വയസ്കനും കൂട്ടാളികളും കഴുത്തോളം മദ്യത്തിലായിരുന്നു. മദ്യത്തിൻ്റെ നാറ്റം കാരണം സീറ്റിലിരിക്കാൻ പറ്റാത്ത അവസ്ഥയായി. മധ്യ വയസ്കന്റെ പേര് സേവിയർ എന്നാണ് .കൂടെയുള്ളതിൽ അൽപം ബോധം ഉള്ളത് ബെന്നിക്കാണ്. ഒരുത്തന് കണ്ണ് പോലും തുറക്കാൻ വയ്യാതെ മറ്റൊരുത്തന്റെ തോളിൽ കിടപ്പാണ്. അവരുടെ അഞ്ച് പേരുടെ സംഘത്തിൽ ഒരാൾക്ക് മാത്രം ഇതുവരെ സീറ്റ് കിട്ടിയില്ല.അവൻ നിലത്തിരുന്ന് ഇവരുടെ സംസാരത്തിൽ പങ്കാളിയാകുന്നുണ്ട്. "ഈ നായ തൃശൂര് ടൗണിൽ ദോശ തിന്നാൻ വിളിച്ചതാ ന്നെ ..ആ ഞാനെങ്ങനെ ഇവ്ടെതിയെ ബെന്ന്യേ " ബോധം കെട്ടു കിടന്നയാളെ ചൂണ്ടി സേവിയേറേട്ടൻ ബെന്നിയോട് ചോദിച്ചു . ഒരുപാട് നേരം ഞാനവരുടെ സംസാരം ശ്രദ്ധിച്ചു .ബോധം കെട്ടുകിടക്കുന്ന രാജന് ലോട്ടറി അടിച്ചിട്ടുണ്ട്. മൂന്ന് ലക്ഷ്യങ്ങളാണ് അവരുടെ യാത്രക്കുള്ളത്: അടിച്ച ലോട്ടറി മാറണം . അടിച്ച പണം കൊണ്ട് അടിച്ചുപൊളിക്കണം. അടികൊണ്ട് തെറ്റിപ്പോയ രാജൻ്റെ ഭാര്യയെ തിരിച്ചുകൊണ്ടുവരണം. ബോധം കേട്ടുകിടക്കുന്ന രാജന് ലോട്ടറി അടിച്ചതിൻ്റെ യാതൊരു അഹങ്കാരവുമില്ല.ഒരു പ്ലാസ്റ്റിക് സഞ്ചിയും കെട്ടിപ്പിച്ച് അടുത്തുള്ള സുഹൃത്തിന്റെ തോളിൽ കിടന്നുറങ്ങുന്നു. സേവിയേറേട്ടൻ്റെ സംസാരത്തിനിടെ വായിൽ നിന്ന് നല്ല നാടൻ തെറികൾ വരാൻ തുടങ്ങി. " ഹെയ്..പെണ്ണുങ്ങള്ണ്ട്സേവ്യറെട്ടാ.. " ന്ന് പറഞ്ഞ് ബെന്നി അയാളുടെ വായടപ്പിക്കും. അടുത്ത സ്റ്റേഷൻ എത്തുന്നത് വരെ ഇതു തന്നെയായിരുന്നു കലാപരിപാടി .സ്റ്റേഷനെത്തിയപ്പോ ൾ ഞാനിറങ്ങി ഒരു കുപ്പി ജൂസ് വാങ്ങി. തിരിച്ച് സീറ്റിലെത്തിയപ്പോൾ ആകെ ബഹളമയം. നിലത്തിരുന്നവൻ അവിടെയാകെ ശർദ്ധിച്ചു വെച്ചിരിക്കുന്നു. അവനെ ശകാരിക്കുന്ന ബെന്നിയും സേവിയേറേട്ടനും ശേഷം ബാക്കി യാത്രക്കാരോട് ക്ഷമാപണം. സത്യത്തിൽ എനിക്കാകെ തരിച്ചു വന്നു . എല്ലാം സഹിച്ച് ഇരുന്ന് യാത്ര ചെയ്യാൻ തന്നെ തീരുമാനിച്ചു. തിരക്കിനിടയിൽ കയ്യിലുള്ള ജൂസ് കുപ്പി മുകളിൽ വെച്ച ബാഗിലാക്കി ക്ഷമയോടെ ഞാൻ ഇരുന്നു. "മാഷെ കാലങ്ട് മാറ്റിക്കോട്ടാ..വാളൊഴുകി വരണ് ണ്ട്.." ബെന്നി എന്നെ നോക്കി പറഞ്ഞു. "മാഷെവ്ടെ ഇറങ്ങണേ..? " "കണ്ണൂർ" ഞാൻ മറുപടി പറഞ്ഞു. ഞങ്ങൾ പതിയെ സംസാരം ആരംഭിച്ചു. ഇവർ നിന്ന നിൽപ്പിൽ കണ്ണൂരേക്ക് പുറപ്പെട്ടത്തിനൊരു കാരണമുണ്ട്.രാജൻ്റെ ഭാര്യവീട് കണ്ണൂരാണ് .

ലോട്ടറി അടിച്ചെന്നറിഞ്ഞപ്പോൾ പിണങ്ങിപ്പോയ ഭാര്യ തിരിച്ചുവരും എന്ന പ്രതീക്ഷയിലാണ് മദ്യത്തോടുകൂടിയ മധ്യസ്ഥമാരെ കൊണ്ട് രാജൻ യാത്ര പുറപ്പെട്ടത്.ഞാൻ അവരോട് സംസാരിക്കുന്നത് നീനവിനത്ര ഇഷ്ടപ്പെടുന്നില്ല എന്നവളുടെ മുഖഭാവത്തിൽ നിന്ന് മനസിലായി. ഞങ്ങൾ സംസാരം തുടർന്നു. സംസാരിക്കുന്നതിനിടെ രാജന് എത്ര രൂപയാണ് ലോട്ടറി അടിച്ചതെന്ന് ചോദിച്ചു.. “1000” മറുപടി കേട്ട ഞാൻ തരിച്ചു നിന്നു “വെറും ആയിരം രൂപ ലോട്ടറി അടിച്ചതിനാണോ ഈ കണ്ട കോലാഹലം “ ഞാൻ ചോദിച്ചു. “കഴിഞ്ഞ തവണ 500 അടിച്ചപ്പഴാ ഓള് വന്നേ .” ബെന്നി എന്നെ നോക്കി ചിരിച്ചുകൊണ്ട് പറഞ്ഞു . ജീവിതം എത്ര ലളിതമായാണിവരെടുക്കുന്നത് . ഇത്ര നിസാരമാണോ ഈ ജീവിതം. ലക്ഷങ്ങളുടെ കടം പേറി ജീവിക്കുന്നൊരാളാണ് ഞാൻ.മനഃസമാധാനത്തോടെ ഉറങ്ങിയിട്ട് മാസങ്ങളായി.ഈ പടുകുഴിയിൽ നിന്നൊരു കര കയറൽ ഇനിയുണ്ടാകില്ലെന്നുറച്ച് വിശ്വസിച്ചിരുന്നൊരാളാണ് ഞാൻ. ട്രെയിൻ അസ്തമയ ശോഭയുള്ള വയലിലൂടെ ഓടാൻ തുടങ്ങി.പുറത്തേക്ക് നോക്കി സൂര്യൻ്റെ അസ്തമയ ശോഭ കുറേ നോക്കിയിരുന്നു.ഒന്ന് കണ്ണടച്ച് തുറന്നാൽ ഓരോ അസ്തമനത്തിന് ശേഷവും ഒരു ഉദയം വരും . കുലതൊഴിലായ സ്വർണ്ണപ്പണി തന്നെ ചെയ്ത് എല്ലാ കടങ്ങളും വീട്ടണം , നഷ്ടപെട്ട വീടും പറമ്പും തിരികെ പിടിക്കണം. ട്രെയിൻ വീണ്ടും ഒരുപാട് ദൂരം ഓടി. ഞങ്ങൾ കണ്ണൂർ സ്റ്റേഷനിൽ ട്രെയിൻ ഇറങ്ങി. മനസ്സിലെപ്പോഴോ കയറിയ ഭ്രാന്തൻ ചിന്തയും യാത്രാ മദ്ധ്യേ കയ്യിൽ കടന്നുകൂടിയ ജൂസുകുപ്പിയും അടുത്തുള്ള മാലിന്യകൊട്ടയിലെറിഞ്ഞ് ഇല്ലാത്ത വാടക വീടിനെ ലക്ഷ്യമാക്കി ഞങ്ങൾ നടന്നു .

ജസീൽ ടി.പി 9526834837



ജസീൽ ടി.പി

പരുത്തൂർ ഹയർ സെക്കന്ററി സ്‌കൂൾ,

# സംസ്ഥാന കലോത്സവം, ഒരു  അനുഭവക്കുറിപ്പ്

----------




സംസ്ഥാന കലോത്സവത്തിൽ പങ്കെടുക്കുക എന്നത് എന്റെ ഒരു വലിയ ആഗ്രഹം ആയിരുന്നു. ഡാൻസ് എന്ന് പറയുന്നത് കുട്ടിക്കാലം മുതൽ എനിക്ക് ഏറെ താൽപര്യം ഉള്ള മേഖലയാണ്.എൽ പി തലത്തിലും യു പി തലത്തിലും എനിക്ക് ഭരതനാട്യം, കുച്ചിപ്പുടി എന്നിവയിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചു.അതിന് വേണ്ടി എന്റെ മാതാപിതാക്കളുടെയും , അധ്യാപകരുടെയും, കൂട്ടുകാരുടെയും പ്രോത്സാഹനം എനിക്ക് ഏറെ പ്രചോദനം ആയിരുന്നു. അന്ന് മുതൽ സ്റ്റേറ്റ് കലോത്സവത്തിൽ പങ്കെടുക്കുക എന്നത്  എനിക്ക് ഒരു സ്വപ്നം ആയിരുന്നു. എട്ടാം ക്ലാസിൽ  പഠിക്കുന്ന സമയത്ത് corona കാരണം കലോത്സവം നടന്നില്ല, പിന്നീട് ഒൻപതാം ക്ലാസിൽ പഠിക്കുന്ന സമയത്താണ്  കലോത്സവം നടന്നത്. സബ്ജില്ലയിൽ നിന്ന് ജില്ലയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട സമയത്താണ് കഠിനമായ പരിശീലനം കാരണം എന്റെ കാലിനടിയിൽ ഒരു വീക്കം വരുകയും അത് എന്റെ പിന്നീടുള്ള പ്രാക്ടീസിനെ തടസ്സപ്പെടുത്തുകയും ചെയതത്. നൃത്തത്തിൽ ഏറ്റവുമധികം പ്രാധാന്യം കാലുകൾക്ക് ഉണ്ടല്ലോ! എന്നാൽ ഇനി ഡാൻസ് കളിക്കരുത് എന്നായിരുന്നു ഡോക്ടറുടെ നിർദേശം. ആ സമയം എന്റെ സ്വപ്നം സാക്ഷാത്കരിക്കപ്പെടുകയില്ല എന്ന തോന്നൽ എന്നെ ഏറെ സങ്കടപ്പെടുത്തി.ജില്ലക്ക് ഇനി അധികം ദിവസം ഇല്ലായിരുന്നു.എന്നാൽ എന്റെ അവസരം നഷ്ടപ്പെടുത്താൻ ഞാൻ തയ്യാറായില്ല. വേദന സഹിച്ചും ഡാൻസ് ഞാൻ തീരുമാനിച്ചു. കളിക്കണം എന്ന് നിർബന്ധം ആണെങ്കിൽ വേദനക്ക് ഉള്ള ഇൻജക്ഷൻ എടുത്ത് സ്റ്റേജിൽ കയറാൻ ഡോക്ടരുടെ നിർദേശം ഉണ്ടായിരുന്നു. സൈഡ് ഇഫക്റ്റ് ഭയന്ന്  ഇൻജക്ഷൻ എടുക്കാതെതന്നെ എന്റെ വേദന സഹിച്ച് , സംസ്ഥാന തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടാൻ എന്റെ കഴിവിന്റെ പരമാവധി അവതരിപ്പിക്കുകയും , തിരഞ്ഞെടുക്കപ്പെടുകയും ചെയതു. തുടർന്ന്  61ാമത്  സംസ്ഥാന കലോത്സവത്തിൽ  A ഗ്രേഡ് നേടി എന്റെ സ്വപ്നം സാക്ഷാത്കരിക്കാൻ എനിക്ക് സാധിച്ചു. ഏത് പ്രതിബന്ധത്തിലും ലക്ഷ്യം നേടാനുള്ള കഠിന ശ്രമം നമ്മെ വിജയത്തിൽ എത്തിക്കും എന്നതാണ്  എന്റെ ഈ അനുഭവസാക്ഷ്യം


**Nandida das**
10G

# സ്വാലിഹയുടെ അനുഭവങ്ങൾ

**ഞാൻ ഫാത്തിമ സ്വാലിഹ. പരുതൂർ ഹയർസെക്കൻഡറി സ്കൂളിൽ 9B ക്ലാസ്സിൽ പഠിക്കുന്നു.**

സംസ്ഥാനതലത്തിൽ മൂന്നിനങ്ങളിൽ A ഗ്രേഡ് നേടിയ സന-്തോഷത്തിലാണ് ഞാൻ. സംസ്ഥാന ശാസ്ത്രോത്സവത്തിൽ പാഴ് വസ്തുക്കൾ കൊണ്ടുള്ള ഉൽപ്പന്നങ്ങളിൽ രണ്ടാം തവണയാണ് എനിക്ക് ഫസ്റ്റ് with A grade കരസ്ഥമാക്കാൻ കഴിയുന്നത്.

December 3 തിരുവനന്തപുരം പട്ടം സെൻമേരിസ് ഹയർസെക്കൻഡറി സ്കൂളിൽ നടന്ന ഈ വർഷത്തെ സംസ്ഥാന ശാസ്ത്രോത്സവത്തിൽ പതിവിന് വിപരീതമായി മത്സര സ്ഥലത്ത് വെച്ച് തന്നെ ഫസ്റ്റ് with A ഗ്രേഡ് എനിക്കുണ്ടെന്ന് അറിയാൻ കഴിഞ്ഞു. ഞങ്ങൾ മത്സരാർത്ഥികൾ ഒരുമിച്ചു കൂടിയിരുന്നു റിസൾട്ട് നോക്കിയപ്പോൾ ഫസ്റ്റ് with A ഗ്രേഡ് എനിക്കാണെന്ന് അറിഞ്ഞ ആ നിമിഷം ഇപ്പോഴും എന്റെ മനസ്സിൽ പ്രകാശപൂരിതമായി ജ്വലിച്ചു നിൽക്കുന്നു. പിന്നെ എല്ലാവരും വന്ന് എന്നെയും എന്റെ ഇനങ്ങളെയും ഫോട്ടോയെടുത്ത് കൈ തന്നതോർക്കുമ്പോൾഏറെ അഭിമാനം തോന്നുന്നു. പാഴ് വസ്തുക്കൾ വലിച്ചെറിഞ്ഞ് പ്രകൃതിയെ മലിനമാകാതെ എന്തെങ്കിലും ഉപയോഗപ്രദമായ രീതിയിൽ ആക്കി മാറ്റുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി വർഷങ്ങളായി ഞങ്ങളുടെ വീട്ടിൽ പഴയ തുണികൾ കൊണ്ട് സ്വന്തമായി നിർമ്മിച്ച ചവിട്ടികളാണ് ഉപയോഗിക്കുന്നത്. ഈ വിജയത്തിലേക്ക് എന്നെ എത്തിച്ച കുടുംബത്തിനും റീജ ടീച്ചർക്കും രാമൻകുട്ടി സാറിനും നന്ദി അറിയിക്കുന്നു.




ജനവരി 4,7 കൊല്ലത്ത് വെച്ച് നടന്ന സംസ്ഥാന കലോത്സവത്തിൽ രണ്ടിനങ്ങളിൽ എനിക്ക് എ ഗ്രേഡ് നേടാൻ കഴിഞ്ഞു. സംസ്ഥാന കലോത്സവത്തിൽ അറബിക് മോണോആക്ടിലും അറബിക് നാടകത്തിലും രണ്ടാം തവണയാണ് എനിക്ക് A ഗ്രേഡ് കരസ്ഥമാക്കാൻ കഴിഞ്ഞത്.

മോണോ ആക്ടിന് ഉപ്പയും മെഹബൂബ് മാഷും ഷാജിത ടീച്ചറും രേഖ ടീച്ചറും കൂടെയുണ്ടായിരുന്നു. എല്ലാ ജില്ലകളിൽ നിന്നും ഫ്രണ്ട്സിനെ പരിചയപ്പെടാൻ കഴിഞ്ഞു.ഞങ്ങളുടെ ചങ്ങാത്തവും സെൽഫി എടുക്കലും ഒരു ക്യാമറമാൻ ഒപ്പിയെടുക്കാൻ മറന്നില്ല. മോണോ ആക്ടിനു വേണ്ട സപ്പോർട്ട് നൽകിയ സൗദ ടീച്ചർക്കും നന്ദി..

പിന്നീട് വീണ്ടും കൊല്ലത്തേക്ക്, നാടകം റിഹേഴ്സൽ മുതലുള്ള അനുഭവങ്ങൾ എന്നും മായാതെ മനസ്സിൽ സൂക്ഷിക്കാവുന്നതാണ്. ടീം എന്ന് പറഞ്ഞാൽ ഇതാ യിരിക്കണം എന്ന് എനിക്ക് മനസ്സിലാക്കി തന്നു. എല്ലാവരും ഒരുമിച്ച് ഒരേ മനസ്സോടെ എപ്പോഴും കൂടെയുണ്ടായിരുന്നു. മത്സരത്തിനു വേണ്ടി നാടക ടീം ഒന്നിച്ച് കൊല്ലത്തേക്കുള്ള ട്രെയിൻ യാത്ര പറഞ്ഞറിയിക്കാൻ കഴിയാത്ത ഓർമ്മകളാണ് സമ്മാനിച്ചത്. ഒരു നിഴൽ പോലെ ഞങ്ങളുടെ ശരീഫ ടീച്ചറും ആബിദാക്കയും രാത്രിയെന്നോ പകലെന്നോ ഇല്ലാതെ ഞങ്ങളെ സഹായിച്ചു കൊണ്ടിരുന്നു. കൂടെ വേണ്ട വിധത്തിൽ സപ്പോർട്ട് നൽകിയ സ്കൂളിലെ മെഹബൂബ് സാർ, ഷറഫലി സാർ, റഹിയ ടീച്ചർ, സൗദ ടീച്ചർ, ഫൗസിയ ടീച്ചർ,നെൽസൺ ഏട്ടൻ, അനുജിത്, ശ്രീഹരി എന്നിവരെയും ഒരിക്കലും മറക്കില്ല. " Do your bit - നിങ്ങളാൽ കഴിയുന്നത് നിങ്ങൾ ചെയ്യുക" എന്ന മഹത്തായ ആശയത്തോടെ ഞങ്ങൾ ചെയ്ത ഞങ്ങളുടെ നാടകം എല്ലാവരുടെയും കയ്യടി നേടി ഒന്നാം സ്ഥാനം കരസ്ഥമാക്കി സന്തോഷത്തോടെ കൊല്ലത്ത് നിന്നും നാട്ടിലേക്ക്...

എന്റെ എല്ലാ മത്സരങ്ങൾക്കും എനിക്ക് വളരെയധികം സപ്പോർട്ട് നൽകിയ പ്രിയപ്പെട്ട എന്റെ ക്ലാസ്സ് സർ ജവാദ് സാറിനും മറ്റു അധ്യാപകർക്കും ഒരുപാട് നന്ദി അറിയിക്കുന്നു.

7/12

Thank you all..

Fathima Swaliha T
9B



അല്പം കുസൃതിയും വാശിയും ഒക്കെ ഉണ്ടെങ്കിലും ഞങ്ങളുടെ പിള്ളേരു സൂപ്പറാ .....

ആരെ പറ്റിയിട്ടാവും...????

അതെ വേറെയാരെയും അല്ല...

പാലക്കാട് ജില്ലയിലെ പരുതൂർ ഹൈസ്കൂളിലെ വിദ്യാർഥികളെ കുറിച്ചാണ്.

ഒരു മനുഷ്യ ജീവിതത്തിലെ ഏറ്റവും മനോഹരമായ കാലഘട്ടമായ സ്കൂൾ ജീവിതം സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും കാലമാക്കി മാറ്റിയ ഒരു പറ്റം മിടുക്കന്മാരും മിടുക്കികളും.അവിടെ അവർ പഠിക്കുകമാത്രമായിരുന്നില്ല..വേദനകളും വിഷമങ്ങളും പരസ്പരം കൈമാറിയും പങ്കുവെച്ചും ജീവിക്കുകയും കൂടിയായിരുന്നു.....,ഇനിയും എത്ര എത്ര തലമുറകൾ അവിടെ ജീവിക്കാനിരിക്കുന്നു...
അവരെ സ്നേഹത്തോടെ കാത്തിരിക്കുന്ന ഗുരുക്കന്മാരും....,

8/12

Javad k v
Parudur HS Pallippuram

# A SHORT ESCAPE TO **WAYANAD** AND **OOTY**

The school tour is the most awaited moment in every teen's high school life , so as the popular standards, we had high expectations as well .The trip was postponed many times and we had to wait for it more than ever .But we're happy to look back at it and see our mind full of memories and happiness .We can say that the tour exceeded our expectations.Everthing was on point .

We left at 4 in the morning . That night I couldn't sleep . After we left , not a moment was wasted on sleep or no one let anyone. It was not about the locations even though they were a feast for the eyes . It was about the people . We never even noticed we were reaching there until we did .We were mindful in the moment we never noticed anything bad or there wasn't any to notice . Everything from the timing , to the food , to the departure . But there was a popular opinion including mine that the trip ended way too fast , that's the only bad thing about the trip . As we were traveling on unfamiliar grounds , we never expected the food to be that good . All was arranged well by the tour managers .The stay was even better .We were aware that it was going to be a once in a lifetime memory .The climate was so cold that we would shiver , water so cold to make us tremble , yet nothing could affect our joy .



There was a myth that I wanted to clarify to be true and it did , the teachers were totally different people on the trip , we had never seen them this energetic.They made this trip ten times better .




We have made enough memories to last a lifetime.Not only good ones , bad ones to laugh at in the future and good ones worth crying for in the future thinking that they passed and can't be repeated . I can still feel the chills of the rain in Ootty.It was a flavourful journey of emotions , with feelings in them ranging from-- romance , to regret, to sorrow .

It was when we set foot back on school grounds , we realised that two third of our school life was over and the rest will be filled with exams and rest . We will forever remember the sweet moments the tour by our school gifted us . We will Cherish it in our hearts as we are about to set out on our alternate paths.



9/12
FADIY 10 J

PARUDUR HIGHER SECONDARY SCHOOL PALLIPPURAM NCC BATCH 2022 - 2024



# *PARUDUR HSS PALLIPPURAM*

## THROUGH MY CAMP EXPERIENCE



KL21JDA179117
CPL AMAL KRISHNA V
TROOP NO 270
P.H.S.S PALLIPPURAM
28 (K) BN NCC, OTTAPALAM
KOZHIKODE GROUP HQ
KERALA & LAKSHADWEEP dte.

10/12

I am sharing the experience of the CATC camp. The camp was held at MOUNT SEENA SCHOOL,PATHIRIPALA. We are reached there and put on our uniforms. And we started our 10 days greatness journey. All days we are wakeup at 4 O' clock for exercise. We learned the DRILL perfectly. There are so many SIRS and SENIORS to controll the NCC CADETS. We have learned about the topic MAP READING. We got chancce for firing and all CADETS are fired. This was an unforgettable moment in our life. We all are took group photo in open stage. We got a fire brigade class there. And we learn a lot from this class. One day they were conducted sports. I gave my name to the selection list for volleyball game. And i got selection in volleyball team. There are 4 teams for volleyball competition. And our team won in this game. In a day we are running in the ground i slipped fell while running. I did not care what happened. I quickly got up and started running. Although i fell, i was the one who won the race. I have a bruise on my knee and arm. I went medical room and put medicine on it. At the last day we got chicken biriyani and ice cream. We are became very happy. I got medal and certificate for won in the volleyball game. This was my first camp experience. It was a better life Experience in my childhood days. I sure that this 10 days ncc camp lead a bright future to me.






# PARUDUR HSS PALLIPPURAM

*Thank you*